പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7549 | 14.07.2014- ൽ മറുപടിക്ക്

മംഗല്യ ലോട്ടറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.പി. വിൻസെന്റ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മംഗല്യ ലോട്ടറി നടത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മംഗല്യ ലോട്ടറി നടത്തി വരുന്നില്ല. എന്നാൽ പാവപ്പെട്ട പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതിയായ 'മംഗല്യനിധി' യിലേയ്ക്ക് പണം സ്വരൂപിയ്ക്കുന്നതിനായി ആവശ്യമെങ്കിൽ നിലവിലുള്ള ഒരു ലോട്ടറിയെ മംഗല്യലോട്ടറി എന്ന പേരിൽ പുനർനാമകരണം ചെയ്ത് അതിൽ നിന്നുള്ള അറ്റാദായം കൂടി മാറ്റി വയ്ക്കുന്ന കാര്യം നികുതി വകുപ്പ് പരിശോധിച്ച് വരുന്നുണ്ട്. ഇതു സംബന്ധിച്ച അന്തിമ തീരുമാനം സ്വീകരിച്ചിട്ടില്ല. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ലോട്ടറി നടത്തിപ്പ് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും (ഡി) യും | ബാധകമല്ല. |
| (സി) | ഈ ലോട്ടറി നടത്തിപ്പ് പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ സഹായത്തിന് എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടെന്ന് വിശദമാക്കുമോ; | | |
| (ഡി) | ലോട്ടറി നടത്തിപ്പിനും ധനസഹായ വിതരണത്തിനും ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ